കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമാട്ടി ഗ്രാമപഞ്ചായത്ത് - ഹിന്ദുസ്ഥാൻ കൊക്കൊകോള കമ്പനിക്കെതിരെ സുപ്രീംകോടതിയിൽ നിലവിലുള്ള കേസുകൾക്ക് വക്കീൽ ഫീസ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3774/2017/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി, 24/11/2017

---

പരാമർശം:- 　　പഞ്ചായത്ത് ഡയറക്ടറുടെ 11/08/2017 ലെ ജി1-29119/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ പ്ലാച്ചിമടയിൽ പ്രവർത്തിച്ചു വന്നിരുന്ന ഹിന്ദുസ്ഥാൻ കൊക്കോകോള കമ്പനിയും പെരുമാട്ടി ഗ്രാമപഞ്ചായത്തും തമ്മിൽ ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള C.A No.4033/2009, C.A No.4034/2009, C.ANo.4035/2009, C.A No.4036/2009, C.A No.4037/2009, C.A No.3540/2010, C.A No.3538-3539/2010, C.A.No. 3541/2010 കേസുകളുടെ നടത്തിപ്പിന് പഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്ന വക്കീലിന് 2 ലക്ഷം രൂപ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ലാച്ചിമടയിൽ പ്രവർത്തിച്ചു വന്നിരുന്ന ഹിന്ദുസ്ഥാൻ കൊക്കോകോള കമ്പനിയും പെരുമാട്ടി ഗ്രാമപഞ്ചായത്തും തമ്മിൽ ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള C.A No.4033/2009, C.A No.4034/2009, C.ANo.4035/2009, C.A No.4036/2009, C.A No.4037/2009, C.A No.3540/2010, C.A No.3538-3539/2010, C.A.No. 3541/2010 എന്നീ കേസുകളുടെ നടത്തിപ്പിന് പഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്ന വക്കീലിന് 2,00,000/- (രണ്ട് ലക്ഷം) രൂപ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

പ്രസിഡന്റ്/ സെക്രട്ടറി, പെരുമാട്ടി ഗ്രാമപഞ്ചായത്ത്, അയ്യപ്പൻകാവ്, വണ്ടിത്താവളം പി.ഒ, പാലക്കാട് -678534

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ